■ ലേഖനം

പി.പി അബ്ദുർറസ്സാഖ് പെരിങ്ങാടി

# ആഗോള മുസ്‌ലിംസമൂഹവും ഉപജാപങ്ങളും

**സ്വതേ** ദുർബലമായ ആഗോള മുസ്‌ലിം സമൂഹത്തെ രാഷ്ട്രീയമായും സൈനികമായും ഇനിയും ദുർബലമാക്കുന്നതിന് സാമ്രാജ്യത്വത്തിന്റെ അജണ്ടയിലെ അടുത്ത ഉപജാപം എന്തായിരിക്കും? ഇറാൻ നിലവിലെ അജണ്ടയിലെ പ്രധാന ഇനമാണ്. മാത്രവുമല്ല അത് പ്രത്യക്ഷ യുദ്ധത്തിന്റെ ഭാഗവുമാണ്.

ഒരു രാജ്യത്തെ സൈനികമായും സാമ്പത്തികമായും ദുർബലമാക്കാനുള്ള ഏറ്റവും നല്ല മാർഗമാണ് സ്വന്തം ജനതക്കെതിരെ സൈന്യത്തെ തിരിച്ചുവിടുകയെന്നത്. ഒരു സൈന്യത്തിന് ശത്രുരാജ്യവുമായി യുദ്ധം ചെയ്യുമ്പോൾ ആത്മവീര്യം വർധിക്കുന്നു. എന്നാൽ സ്വന്തം ജനതക്ക് എതിരെ യുദ്ധം ചെയ്യേണ്ടിവരുന്ന സാഹചര്യത്തിലാണ് സൈന്യത്തിന്റെ മനോവീര്യം ഏറ്റവും കൂടുതൽ ചോരുന്നത്. പാകിസ്താനിലെ ഗോത്രവർഗ മേഖലയായ വസീരിസ്താനിൽ നാം കാണുന്നതും അതുതന്നെയാണ്. 250 പട്ടാളക്കാരെ ഗോത്ര വർഗക്കാർ തടവിലാക്കിയിട്ടും നൂറുകണക്കിന് പട്ടാളക്കാരെ കൊന്നിട്ടും അമേരിക്കക്ക് വേണ്ടി പാകിസ്താൻ സ്വന്തം ജനതക്കു നേരെ നടത്തുന്ന യുദ്ധത്തിന് അറുതിയായിട്ടില്ല. കൂടുതൽ സൈനികനടപടിയെടുക്കുന്നില്ലെങ്കിൽ ആക്രമിക്കുമെന്ന് ഇടക്കിടെ അമേരിക്കൻ ഭരണകൂടം പാക് ഭരണാധികാരിയെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഭയവും ഭീരുത്വവും കാരണമായാണ് കോളിൻ പവലിന്റെ ടെലിഫോൺ ഭീഷണി കേട്ട് പാകിസ്താൻ ഭരണകൂടം ബുഷിന്റെ പക്ഷത്തുനിന്നുകൊണ്ട് ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെയുള്ള ആഗോള യുദ്ധത്തിൽ പങ്കെടുത്തത്. ഇന്നും ആ ഭയം പാകിസ്താനെ വേട്ടയാടുന്നു. ഇനി വരാൻ പോകുന്ന മുശർറഫ്-ബേനസീർ കൂട്ടുകെട്ട് ഇതേ ഭയം രൂപംകൊടുത്ത ദൗർബല്യത്തിന്റെ സമവാക്യമാണ്. അമേരിക്ക പാകിസ്താനിൽ കൂടുതൽ അസ്ഥിരതയും അരാജകത്വവും സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുവെന്നർഥം. കോണ്ടലിസാ റൈസിന്റെ ഭാഷയിൽ പാകിസ്താൻ കൂടി ഉൾക്കൊള്ളുന്ന പുതിയ മിഡിലീസ്റ്റിന്റെ പേറ്റുനോവ് തുടരുകതന്നെയാണ്. ഇതോടൊപ്പം ചേർത്തുവായിക്കേണ്ട മറ്റൊരു കാര്യമാണ് പാകിസ്താന്റെ ആണവനിലയങ്ങളുടെ ലൊക്കേഷനുകളും ആണവായുധങ്ങൾ സൂക്ഷിച്ച ഇടങ്ങളും പാക്-അഫ്ഗാൻ അതിർത്തിയിലും ഇതര അയൽപക്ക രാജ്യങ്ങളിലും വിന്യസിക്കപ്പെട്ട അമേരിക്കൻ സൈനിക സംവിധാനങ്ങൾ കൃത്യമായും വ്യക്തമായും തിട്ടപ്പെടുത്തിയിരിക്കുന്നുവെന്ന വസ്തുത. ഈ പശ്ചാത്തലത്തിൽ ഇന്ത്യയിൽ തെക്കു-വടക്ക് വിലസുന്ന മൊസാദും മറ്റും ചേർന്ന് ഒരു ഭീകരാക്രമണം സംഘടിപ്പിക്കുന്നുവെന്ന് കരുതുക (നേരത്തേ നടന്ന പാർലമെന്റ് ആക്രമണം അകാലത്തിലായിരുന്നു). ഒരു സംശയത്തിനും ഇടം കൊടുക്കാത്ത വിധം അത് അൽഖാഇദയുടെയും താലിബാന്റെയും അക്കൗണ്ടിൽ വരവ് വെക്കപ്പെടും. ദേശീയവും അന്തർദേശീയവുമായ മാധ്യമങ്ങൾ അത് ഏറ്റുപിടിക്കും. വിദേശ രാജ്യങ്ങളും ഭരണകൂടങ്ങളും അപലപിക്കും. പാകിസ്താനെ കൂടുതൽ കടുത്ത നടപടിയെടുക്കാനും ഇല്ലെങ്കിൽ യുദ്ധം നേരിട്ടുകൊള്ളാനും താക്കീതു ചെയ്യും. ഇന്ത്യാ രാജ്യത്തെ പ്രതിപക്ഷത്തിന്റെയും ദേശീയ-അന്തർദേശീയ സമ്മർദങ്ങളുടെയും തഫലമായി പാകിസ്താനുമായി യുദ്ധം ചെയ്യാൻ നിർബന്ധിക്കപ്പെടും. അഫ്ഗാൻ അതിർത്തിയിൽനിന്നും അമേരിക്കൻ സൈന്യവും പാകിസ്താനിലേക്ക് പ്രവേശിക്കും. ആഭ്യന്തര യുദ്ധത്തിൽ വീര്യം തകർന്ന് പാകിസ്താൻ മിലിറ്ററി ഇരുഭാഗത്തെയും ആക്രമണഫലമായി നിസ്സഹായമായി കീഴടങ്ങേണ്ടിവരും. ഒരുപക്ഷേ പാകിസ്താന്റെ ശിഥിലീകരണത്തിനും ആണവ നിരായുധീകരണത്തിനും തയാറാക്കിയ പദ്ധതിയുടെ അവസാന ഭാഗം അവിടെ നിവർത്തപ്പെടും. ഒന്നാം ലോകയുദ്ധത്തിൽ തങ്ങളെ പിന്തുണച്ചാൽ തുർക്കി ഖിലാഫത്തിൽനിന്നും 'സ്വാതന്ത്ര്യം' വാങ്ങിത്തരാമെന്നു പറഞ്ഞ് അറബ് ഗോത്രത്തലവന്മാരുടെ പിന്തുണ വാങ്ങിയ ബ്രിട്ടീഷ് ഭരണകൂടം, യുദ്ധാനന്തരം എങ്ങനെ അറബ് പ്രദേശങ്ങളെ വീതിച്ചെടുക്കാം (സൈക്കന്റ്-പിങ്കോട്ട് ധാരണ) എന്നാണ് ഫ്രാൻസുമായി ചർച്ച ചെയ്തത്. സമാന സ്വഭാവത്തിലുള്ള ഉപജാപ പ്രവർത്തനങ്ങൾക്കാണ് നാമിപ്പോൾ സാക്ഷിയാവുന്നത്. ഇറാഖിന്റെ വിഭജനം, ഇറാനാക്രമണം എന്നിവ ഈ ഉപജാപത്തിന്റെ മുന്നോടിയായി നടക്കേണ്ട കാര്യങ്ങളാണ്.

* * *

ആഗോള മുസ്‌ലിം സമൂഹം സ്വയം പേറുന്ന ജീർണതയും അതിനെ വലയം ചെയ്യുന്ന ഉപജാപങ്ങളും കാരണമായി അതിന്റെ ചരിത്രത്തിൽ ഇതുവരെയും നേരിട്ടിട്ടില്ലാത്തത്ര ശക്തമായ സ്വ

ത്വപ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. പാശ്ചാത്യ ഭരണകൂടങ്ങളും മീഡിയയും ഇതുതന്നെ ചരിത്രപരമായി കണക്കുതീർക്കാനുള്ള അവസരം എന്ന് തീരുമാനിച്ചുറപ്പിച്ച പോലെയാണ് പെരുമാറുന്നത്. ഭരണപ്രതിപക്ഷ ഭേദമന്യേ അമേരിക്കൻ തെരഞ്ഞെടുപ്പിലെ മത്സരാർഥികളൊക്കെയും നിർണിത രാജ്യങ്ങളെ അകത്തു കയറി ആക്രമിക്കുമെന്ന് പറയുവോളം ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരായ യുദ്ധജ്വരം അമേരിക്കൻ ജനതയിലും ഭരണനേതൃത്വത്തിലും പടർന്നിരിക്കുന്നു. അതും പോരാഞ്ഞ് തങ്ങളുടെ രാജ്യത്ത് കടന്നുകയറി 'അൽഖാഇദ' വേട്ട നടത്താൻ അമേരിക്കൻ സൈന്യത്തെ അനുവദിക്കുമെന്ന് വരാൻ പോകുന്ന 'അതുല്യ' പാവ ബേനസീർ മുൻകൂട്ടി പ്രസ്താവിക്കുന്നു. അറബ്-മുസ്‌ലിംസമൂഹത്തെ മെരുക്കിയെടുക്കാനായി ഇറാഖിനെ മൂന്നായി വിഭജിക്കാമെന്ന അനൗദ്യോഗിക പ്രമേയത്തിന് അമേരിക്കൻ സെനറ്റാണ് കഴിഞ്ഞ സെപ്റ്റംബറിൽ അംഗീകാരം നൽകിയത്. അടുത്ത അമേരിക്കൻ പ്രസിഡൻഷ്യൽ തെരഞ്ഞെടുപ്പിൽ വിജയിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഡെമോക്രാറ്റിക് സ്ഥാനാർഥി ഹിലാരി ക്ലിന്റൻ വരെ പ്രമേയത്തെ അനുകൂലിച്ചു. ഇതിൽനിന്നും ഭരണ പ്രതിപക്ഷ ഭേദമന്യേ ബഹുഭൂരിപക്ഷം അമേരിക്കൻ ജനപ്രതിനിധികളുടെയും നിയമസാമാജികരുടെയും മനഃസ്ഥിതി വായിച്ചെടുക്കാവുന്നതാണ്. ഇത് അമേരിക്കയിലെ മാത്രം പ്രതിഭാസമല്ല. രീതിയും സ്വരവുമൊക്കെ ഭിന്നമായിരിക്കാമെങ്കിലും ഒരുവിധ എല്ലാ പശ്ചിമ യൂറോപ്യൻ രാജ്യങ്ങളിലെയും സ്ഥിതിയും ഇതുതന്നെ. ഏറ്റവും ലിബറൽ എന്നു കരുതപ്പെട്ട ഫ്രാൻസിലാണല്ലോ ഇസ്‌ലാം-മുസ്‌ലിംവിരുദ്ധതയിൽ അതിതീവ്രനായ സാർക്കോസി തെരഞ്ഞെടുക്കപ്പെട്ടത്.

ലോകം ഭരിക്കാൻ ഇറങ്ങിപ്പുറപ്പെട്ട അമേരിക്കൻ സാമ്രാജ്യത്വത്തെ സംബന്ധിച്ചേടത്തോളം വാഷിംഗ്ടണോ ലണ്ടനോ മെൽബണോ സോളോ അതുമല്ലെങ്കിൽ ഏതെങ്കിലും ലാറ്റിനമേരിക്കൻ നാടുകളോ പൂർവേഷ്യൻ രാജ്യങ്ങളോ കീഴടക്കിയതുകൊണ്ടോ കൂടെ നിൽക്കുന്നതുകൊണ്ടോ ആഗോള സാമ്രാജ്യത്വം പൂർണമാകില്ല. മറിച്ച് അലക്സാണ്ടർ മുതൽ നെപ്പോളിയൻ വരെയുള്ള ദിഗ്വിജയികൾക്കും ഇതര പാശ്ചാത്യ കൊളോണിയൽ രാജ്യങ്ങൾക്കുമെല്ലാം പഥ്യമായിരുന്ന, ലോകത്തിന്റെ കേന്ദ്രവും സൈനികമായും മതപരമായും ചരിത്രപരമായും ഇപ്പോൾ സാമ്പത്തികമായും ഏറെ തന്ത്രപ്രാധാന്യമുള്ളതുമായ മധ്യ പൗരസ്ത്യ ദേശം കീഴടക്കിയാലേ, ആഗോള സാമ്രാജ്യത്വം അതിന്റെ പൂർണത പ്രാപിക്കുകയുള്ളൂ. ലോകത്തിന്റെ നാനാ ഭാഗത്തുള്ള ഭിന്ന മതവിശ്വാസികളുടെ പ്രധാന തീർഥാടന കേന്ദ്രങ്ങൾ മധ്യ പൗരസ്ത്യ ദേശത്തായത് യാദൃഛികമല്ല. മധ്യധരണ്യാഴിക്കും ചെങ്കടലിനും സൂയസ് കനാലിനും അപ്പുറത്തുമിപ്പുറത്തുമായി മൂന്ന് പ്രധാന ഭൂഖണ്ഡങ്ങൾ സംഗമിക്കുന്ന പ്രദേശമാണിത്. ചൈനയിൽ പിറന്ന മതങ്ങൾ തൊട്ടയൽപക്കത്തെ ഇന്ത്യയിൽ പോലുമെത്തിയതായി കാണാൻ സാധിക്കാതിരിക്കുമ്പോൾ, മധ്യപൗരസ്ത്യദേശത്ത് പിറന്നത് ലോകം മുഴുവൻ പ്രചരിച്ചതായി കാണാൻ സാധിക്കുന്നത് ഈ പ്രത്യേകതകൊണ്ടുകൂടി തന്നെയായിരിക്കണം. ഏറ്റവും പുരാതനമായ സംസ്കാരങ്ങളുടെ ഉറവിടമായ യൂഫ്രട്ടീസും നൈൽ, സിന്ധു തുടങ്ങിയ മൂന്ന് നദീതടങ്ങളും ഈ പ്രദേശത്തായതും യാദൃഛികമല്ല.

ആഗോള സാമ്രാജ്യത്വത്തിന്റെ കേന്ദ്രമായി വർത്തിക്കേണ്ട ഈ പ്രദേശം കീഴടക്കുന്നതിനുള്ള ഏറ്റവും വലിയ പ്രതിബന്ധം ഇസ്‌ലാമും അതിനെ ഹൃദയത്തിലേറ്റിയ അതിന്റെ അനുയായികളുമാണെന്ന് സാമ്രാജ്യത്വം കൃത്യമായും തിരിച്ചറിയുന്നു. 17-ഉം 18-ഉം നൂറ്റാണ്ടുകളിൽ യൂറോപ്യൻ കൊളോണിയൽ ശക്തികൾ ലോകത്തെ വംശീയമായി ശുദ്ധീകരിക്കാൻ കൂടി തന്നെയായിരുന്നു ഇറങ്ങിപ്പുറപ്പെട്ടിരുന്നതെന്ന് ഇസ്‌ലാമിന്റെ സാന്നിധ്യം ഇല്ലാതിരുന്ന ലാറ്റിനമേരിക്കൻ നാടുകളുടെയും അമേരിക്കയുടെയും ആസ്ത്രേലിയ-ന്യൂസിലാന്റ് പോലുള്ള ഇതര രാജ്യങ്ങളുടെയും ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ആസുര ശക്തി ഉപയോഗിച്ച് വംശീയ ഉന്മൂലനം നടത്തി പുതിയ യൂറോപ്യൻ വർഗത്തെ കുടിയിരുത്താനുള്ള ശ്രമം നടക്കാതെ പോയത് ഇസ്‌ലാമിന്റെ സജീവസാന്നിധ്യമുണ്ടായിരുന്ന ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ മാത്രമായിരുന്നു. അല്ലായിരുന്നെങ്കിൽ ചരിത്രത്തിന്റെ ഇരുണ്ട ഇടനാഴികളിലെ ആരോരുമറിയാത്ത കൂട്ടശ്മശാന കേന്ദ്രങ്ങളിൽ ഈ ജനതതികളുടെയും 'സംസ്കരണം' ഇതര ലാറ്റിനമേരിക്കൻ ആസ്ത്രേലിയൻ ജനതതികളെ പോലെ പൂർണമാകുമായിരുന്നെന്നും അതോടുകൂടി വെള്ളക്കാരന്റെ ചരിത്രപരമായ ഉത്തരവാദിത്വം പൂർത്തിയാവുമായിരുന്നെന്നും ഇസ്‌ലാമിനെ നെഞ്ചിലേറ്റിയ മുസ്‌ലിം സാധാരണക്കാരുടെ ഇഛാശക്തിക്കു മുമ്പിൽ പിന്തിരിഞ്ഞോടേണ്ടിവന്ന സാമ്രാജ്യത്വം വിലപിക്കുന്നു. സ്രഷ്ടാവിനു മുമ്പിലല്ലാതെ മറ്റൊരു ശക്തിയുടെയും മുമ്പിൽ തങ്ങളുടെ തല കുനിയുകയോ ഊര മടങ്ങുകയോ ചെയ്യില്ല എന്ന വിശ്വാസത്തിൽ നിന്നും അല്ലാഹുവിന്റെ മുമ്പിൽ സകല ശക്തികളും നിസ്സാരമാണെന്ന് ഉദ്ഘോഷിക്കുന്ന തക്ബീർ ധ്വനിയിൽനിന്നും ഉത്ഭൂതമാവുന്ന മുസ്‌ലിം ഇഛാശക്തിയെ തകർക്കാനുള്ള യത്നത്തിലും ഉപജാപ പ്രവർത്തനങ്ങളിലുമാണ് സാമ്രാജ്യത്വം ഇതഃപര്യന്തം ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ ഉപജാപ പ്രവർത്തനങ്ങളുടെ ചരിത്രപരമായ വിശകലനം മറ്റൊരു പഠനത്തിന്റെ പ്രമേയമായതിനാൽ സാമ്രാജ്യത്വം നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന നാനാരൂപത്തിലുള്ള ഉപജാപ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത ചിത്രം വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ പരിശോധിക്കുന്നത് ഉചിതമായിരിക്കും.

## ഉപജാപങ്ങളെ കരുതിയിരിക്കണമെന്ന് ഖുർആൻ

'പറയാൻ യോജിക്കാത്ത പലതും അവർ ജനങ്ങളിൽനിന്ന് മറച്ചുവെക്കുന്നു' (4:108)വെന്നും 'അവർ നിഗൂഢ കുതന്ത്രങ്ങളിലേർപ്പെടുന്നു' (86:15)വെന്നും 'അവരുടെ നിശാവേളകളിലെ നിഗൂഢ കശപിശകളിൽ നന്മയില്ല' (4:114)യെന്നുമൊക്കെ ആവർത്തിച്ച് മുന്നറിയിപ്പ് നൽകിയ വിശുദ്ധ ഖുർആൻ, സത്യവിശ്വാസി സമൂഹത്തോട് ജാഗ്രത കൈക്കൊള്ളാൻ ആവശ്യപ്പെടുന്നുണ്ട് (4:71, 4:102). അവരുടെ ഗൂഢ കുതന്ത്രങ്ങളും ഉപജാപങ്ങളും ഒരു നിലക്കും മുസ്‌ലിംകളെ ദോഷകരമായി ബാധിക്കാതിരിക്കാൻ അച്ചടക്കവും ഇഛാശക്തിയും ക്ഷമയും സംയമനവും ഉള്ളവരായിക്കൊണ്ട് സംഘടിതരായി നിലകൊള്ളാൻ ആവശ്യപ്പെടുകയും ചെയ്യുന്നു (ഖുർആൻ 3:120). നിർഭാഗ്യകരമെന്നു പറയട്ടെ, പ്രവാചകന്റെ കാലത്ത് പരാജയപ്പെട്ട ഖുർആൻ സൂചിപ്പിച്ച ഉപജാപപ്രവർത്തനങ്ങൾ ശത്രുക്കൾ തുടരുകയും മുസ്‌ലിംകൾ അതു സംബന്ധമായി അശ്രദ്ധരാവുകയും അതിനെതിരെ ആവശ്യമായ കരുതൽ നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്തപ്പോൾ എത്തിപ്പെട്ട പ്രതിസന്ധിയുടെ ആഴമാണ് വർത്തമാനകാല മുസ്‌ലിം ലോകം നൽകുന്ന ചിത്രം. 'തഖ്‌വ' എന്ന ഖുർആനികാശയം വെറും താടിയുടെ നീളത്തിലും മിസ്‌വാക്കിന്റെ വലിപ്പത്തിലും ആരാധനാപരമായ വെറും 'ഭക്തി'യിലും പരിമിതമാകുകയും അതിന്റെ ഭൗതിക താൽപര്യങ്ങളായിരുന്ന സൂക്ഷ്മത, കരുതൽ, സുരക്ഷിതത്വ നടപടികൾ തുടങ്ങിയവയെ സംബന്ധിച്ച ബോധം അതിൽനിന്നും അടർത്തിമാറ്റപ്പെടുകയും ചെയ്തതിന്റെ ഫലം കൂടിയായിട്ടായിരുന്നു ഇത് സംഭവിച്ചത്.

18-ഉം 19-ഉം നൂറ്റാണ്ടുകളിലെ പാശ്ചാത്യ കൊളോണിയൽ ശക്തികൾ മുസ്‌ലിം രാജ്യങ്ങളെ കീഴടക്കിയപ്പോൾ

സാമ്പത്തികമായ കൊള്ളക്കും സാംസ്കാരികമായ അധിനിവേശത്തിനും പുറമെ അവരുടെ ഭാവി താൽപര്യങ്ങൾ ലക്ഷ്യം വെച്ചുകൊണ്ട് ഉപജാപങ്ങളും അവയെ അതിജീവിക്കാൻ മുസ്‌ലിം സാമാന്യജനത നടത്തുന്ന ശ്രമങ്ങളെ പരാജയപ്പെടുത്തുന്നതിനു വേണ്ടിയുള്ള കുടില തന്ത്രങ്ങളും ആവിഷ്കരിക്കുകയുണ്ടായി. രാഷ്ട്രീയ ഭരണ വ്യവഹാരങ്ങളിൽനിന്ന് ഇസ്‌ലാമിനെ അടർത്തിമാറ്റി, മുസ്‌ലിംകൾക്ക് അതുവരെയും അന്യമായിരുന്ന അരാഷ്ട്രീയ വാദം കുത്തിവെക്കാൻ അവർ ശ്രമിച്ചു. ഇത് വിശുദ്ധ ഖുർആൻ നേർക്കുനേരെ താക്കീത് ചെയ്തിട്ടുണ്ടായിരുന്നു: "പ്രവാചകരേ, അല്ലാഹു അവതരിപ്പിച്ച നിയമങ്ങളനുസരിച്ച് താങ്കൾ അവരുടെ വ്യവഹാരങ്ങളിൽ വിധി നടത്തുക. അവരുടെ ഇഛകളെ പിൻപറ്റാതിരിക്കുക. അവർ താങ്കൾക്ക് അല്ലാഹു അവതരിപ്പിച്ചുതന്ന സമഗ്ര സന്മാർഗത്തിൽനിന്നും ഭാഗികമായി താങ്കളെ വ്യതിചലിപ്പിച്ച് പരീക്ഷണത്തിലും പ്രയാസത്തിലുമകപ്പെടുത്തുന്നതിനെ താങ്കൾ സൂക്ഷിക്കുകയും ചെയ്യുക" (ഖുർആൻ 5:49). ഇങ്ങനെ കൊളോണിയലിസം ഇസ്‌ലാമിനെ ആത്മീയഭക്തിയിൽ ചുരുക്കി അരാഷ്ട്രീയവത്കരിക്കാൻ കൂട്ടുനിന്ന സംഘടനകൾക്ക് ഉൾപതിഷ്ണുത്വം പതിച്ചുകൊടുത്തു. ഇതിന്റെ പരിസമാപ്തിയായിരുന്നു 1921-ലെ ഖിലാഫത്തിന്റെ അന്ത്യം. അതിൽ പിന്നെ ആഗോള മുസ്‌ലിം സമൂഹത്തിന്റെ ഗ്രാഫ് സാമൂഹികം, സാമ്പത്തികം, സാംസ്കാരികം, സൈനികം, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ തലങ്ങളിലും കുത്തനെ താണു. ഇസ്‌ലാമിക സമൂഹത്തിന്റെ ചരിത്രം അപഗ്രഥിച്ചാൽ മനസ്സിലാവുന്ന ഒരു വസ്തുതയാണിത്.

ഇതേ കാരണം കൊണ്ടുതന്നെയാണ് ഇസ്‌ലാമിന്റെ പേരിൽ എന്ത് അനുവദിച്ചാലും അതിന്റെ രാഷ്ട്രീയ, സാമൂഹിക ക്രമം പുനഃസ്ഥാപിക്കാൻ അനുവദിക്കില്ലെന്ന് സാമ്രാജ്യത്വം ശാഠ്യം പിടിക്കുന്നതും. ഈ പശ്ചാത്തലത്തിലാണ് ഇസ്‌ലാമിനെ സമഗ്രമായി പരിചയപ്പെടുത്തുന്നതും, ഏറെ അവഗണിക്കപ്പെടുകയും ബോധപൂർവം തമസ്കരിക്കപ്പെടുകയും ചെയ്ത ഇസ്‌ലാമിന്റെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക തലങ്ങൾക്ക് ഏറെ ഊന്നൽ നൽകുന്നതുമായ സജീവ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ കൊളോണിയലിസത്തിന്റെ നിഗൂഢ കുതന്ത്രങ്ങൾക്കെതിരെയുള്ള സമീപനമെന്ന നിലയിൽ കൂടി ഉയിർക്കൊണ്ടത്. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ സജീവവും ശക്തവും ചിട്ടയാർന്നതുമായ പ്രവർത്തനങ്ങളുടെ ഫലമായി വെറും ഒരു നൂറ്റാണ്ടിനുള്ളിൽ മുസ്‌ലിം ലോകത്തുടനീളം അവർ ഏറ്റവും വലിയ ജനകീയ പ്രസ്ഥാനങ്ങളായി വളർന്നത് കൊളോണിയൽ ശക്തികളുടെയും അവരുടെ റാൻമൂളികളായ ഏജന്റുമാരുടെയും പ്രതീക്ഷക്ക് അപ്പുറത്തുള്ള കാര്യമായിരുന്നു. മുസ്‌ലിംലോകത്ത് എവിടെ സ്വതന്ത്രവും നീതിപൂർവകവുമായ തെരഞ്ഞെടുപ്പ് നടന്നാലും അവിടെ ഇസ്‌ലാമിസ്റ്റുകൾ വിജയിക്കുമെന്ന അവസ്ഥ ജനായത്ത വ്യവസ്ഥയെ സങ്കുചിത, സ്വാർഥ താൽപര്യങ്ങൾക്ക് ദുരുപയോഗം ചെയ്യുന്ന പാശ്ചാത്യ മേലാളരെ വല്ലാതെ അലോസരപ്പെടുത്തുന്നു. പാശ്ചാത്യ രാജ്യങ്ങളിലെ ജനകീയ പാർട്ടികൾക്ക് പോലും വളർത്തിയെടുക്കാൻ സാധിക്കാത്തത്ര ശക്തമായ ഉൾപാർട്ടി ജനായത്ത രീതിയിലും തൃണമൂലാടിസ്ഥാനത്തിലുള്ള ജനബന്ധവും ഇസ്‌ലാമിക വീക്ഷണത്തിൽനിന്നുകൊണ്ട് ജനാധിപത്യത്തിന്റെ ചില രീതികളെ താത്ത്വികമായി എതിർക്കുന്ന ഈ ഇസ്‌ലാമിസ്റ്റ് പാർട്ടികൾക്കുണ്ടെന്നതാണ് വസ്തുത. ഈ ചുറ്റുപാടിലാണ് ഇത്തരം ജനകീയ ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ ഭീകരപ്രസ്ഥാനങ്ങളെന്ന് മുദ്രകുത്തി, ഒറ്റപ്പെടുത്തി ആക്രമിക്കാനുള്ള ഉപജാപപ്രവർത്തനത്തിന്റെ രണ്ടാം ഘട്ടം ആരംഭിക്കുന്നത്. ഇത് ഹമാസിലും ഹിസ്ബുല്ലയിലും അവരെ പിന്തുണക്കുന്ന രാജ്യങ്ങളിലും പരിമിതമാണ് എന്ന് തെറ്റിദ്ധരിക്കേണ്ട. മുസ്‌ലിം രാജ്യങ്ങളിലെ പ്രതിരോധ മന്ത്രാലയങ്ങളും സൈന്യവും വരെ സന്ദർഭമനുസരിച്ച് ഭീകരരുടെ പട്ടികയിൽ വരുമെന്നാണ് ഇറാന്റെ റവല്യൂഷനറി ഗാർഡിനെ 'ഭീകരരുടെ' പട്ടികയിൽ ഉൾപ്പെടുത്താനുള്ള അമേരിക്കയുടെ തീരുമാനം വ്യക്തമാക്കുന്നത്. 'ഭീകരരും' 'ഭീകര'രെ പിന്തുണക്കുന്നവരും 'ഭീകരരെ'ന്ന നവയാഥാസ്ഥിതിക പ്രമാണമനുസരിച്ച് ഹമാസിന്റെയും ഹിസ്ബുല്ലയുടെയും സമാന ഐഡിയോളജി പുലർത്തുന്ന സകല ഇസ്‌ലാമിക പ്രസ്ഥാനങ്ങളിലേക്കും 'ഭീകരരു'ടെ പട്ടിക നീളുകയെന്നത് സമയത്തിന്റെ മാത്രം പ്രശ്നമാണ്.

ജനായത്തരീതി വിശുദ്ധ ഖുർആൻ കൽപിക്കുകയും ആവശ്യപ്പെടുകയും ചെയ്തതുപോലെ (4:58) അർഹരായ ആളുകളിലേക്ക് അധികാരവും ഉത്തരവാദിത്വവും ഏൽപിക്കാനുള്ള ഏറ്റവും നല്ല കടഞ്ഞെടുക്കൽ പ്രക്രിയയാണ്. ഈ രീതിയിലാണ് തെരഞ്ഞെടുപ്പു പ്രക്രിയ നടത്തുന്നതെങ്കിൽ സ്വാഭാവികമായിത്തന്നെ അധികാരം യോഗ്യരും പരിണിതപ്രജ്ഞരും അക്കാദമിക പാരമ്പര്യവുമുള്ള ജനനായകരിലെത്തും. പക്ഷേ, പാശ്ചാത്യ നവ കൊളോണിയൽ ശക്തികൾ ആഗോളതലത്തിൽ തന്നെ മുസ്‌ലിം രാജ്യങ്ങളിൽ അനർഹരും കൊള്ളരുതാത്തവരും റാൻ മൂളികളുമായ ഭരണാധികാരികളെയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തെയും കുടിയിരുത്താനും ആണിയടിച്ചുറപ്പിക്കാനുമാണ് ഉപജാപങ്ങളിലേർപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതവർക്ക് ഒരേസമയം പല ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ സഹായിക്കുന്നു:

1. സ്വന്തം 'മതക്കാരായ' ഈ സ്വേഛാധിപതികളുടെയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെയും കൈകളാൽതന്നെ സാമ്രാജ്യത്വത്തിന്റ താൽപര്യങ്ങൾക്ക് എതിരു നിൽക്കുന്ന ഇസ്‌ലാമിസ്റ്റ് ജനായത്ത ശക്തിയെയും മസ്തിഷ്കങ്ങളെയും നിയന്ത്രിക്കാനും ഒരളവോളം ഇല്ലായ്മ ചെയ്യാനും സഹായിക്കുന്നു.

2. ഇസ്‌ലാമിക സമൂഹത്തിന്റെ ബുദ്ധിപരവും വൈജ്ഞാനികവുമായ വളർച്ച തടയുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള ഉപജാപ പ്രവർത്തനങ്ങൾ വിജയിക്കാൻ ഇത്തരം ഏകാധിപതികളും സ്വേഛാധിപതികളും നിലനിൽക്കണം. ഇസ്‌ലാമിക ലോകത്തെ ശാസ്ത്രജ്ഞരെയും സാങ്കേതിക വിദഗ്ധരെയും ജനനായകരെയും രഹസ്യമായും ചിലപ്പോൾ പരസ്യമായും തട്ടിക്കൊണ്ടുപോവുകയും ലക്ഷ്യമിട്ട് വകവരുത്തുകയും ചെയ്യുന്നു. ഇറാഖീ ന്യൂക്ലിയർ സയന്റിസ്റ്റ് ആയിരുന്ന യഹ്‌യാ അമീൻ അൽ മുശാഹിദിനെ അദ്ദേഹത്തിന്റെ പാരീസിലെ വസതിയിൽ വെച്ച് വിൽപനക്കാരിയായി വന്ന ചാര സ്ത്രീയിലൂടെ വകവരുത്തിയതും കഴിഞ്ഞ ഇറാൻ മന്ത്രിസഭയിലെ (ഖാതമിയുടെ മന്ത്രിസഭ) പ്രതിരോധ സഹമന്ത്രിയായിരുന്ന അലി രിസാ അസ്ഹരിയെ തുർക്കിയിൽവെച്ച് തട്ടിക്കൊണ്ടുപോയി ജർമനിയിലേക്ക് കടത്തിയതും അടുത്ത കാലത്ത് നടന്ന രണ്ട് ഉദാഹരണങ്ങൾ മാത്രം. ഇത് വേറിട്ടൊരു പഠനം നടക്കേണ്ട മേഖലയാണ്. ഫലസ്ത്വീനിലെ ജനനായകരായ അഹ്മദ് യാസീൻ, ഡോ. അബ്ദുൽ അസീസ് റൻതീസി തുടങ്ങിയവരെ ഹെലികോപ്റ്ററിൽനിന്നും മിസൈൽ വർഷിച്ച് കൊന്നതും ഹസൻ നസ്റുല്ലയെയും ഖാലിദ് മിശ്അലിനെയും സാധ്യമാകുന്ന ആദ്യ നിമിഷം കൊല്ലുമെന്ന് പ്രഖ്യാപിച്ചതുമൊക്കെ ജനനായകരെ ലക്ഷ്യം വെക്കുന്നതിന്റെ ചില ഉദാഹരണങ്ങളാണ്. ഒരു ലക്ഷം ഡോളർ മുതൽ 25 മില്യൻ ഡോളറുകൾ വരെ തലക്ക് ഇനാം പ്രഖ്യാപിച്ച് ലിസ്റ്റ് തയാറാക്കി പോരാളികളുടെ തലവന്മാരെ വകവരുത്താനുള്ള ശ്രമം വേറെയും പരസ്യമായി നടക്കുന്നു.

ഈ മനഃസ്ഥിതിയെയാണ് വിശുദ്ധ ഖുർആൻ 'നിങ്ങൾ നിങ്ങളല്ലാത്തവരെ നിങ്ങളുടെ രഹസ്യങ്ങൾ അറിയാൻ ഇടവരുന്ന രൂപത്തിൽ ആത്മമിത്രങ്ങളായി സ്വീകരിക്കരുത്. നിങ്ങളെ നശിപ്പിക്കാനുള്ള ഒരവസരവും അവർ പാഴാക്കുകയില്ല. നിങ്ങൾക്ക് പ്രയാസവും ദുരിതവും

ഉണ്ടാവുന്നതിനെ അവർ ആഗ്രഹിക്കുന്നു. അവരുടെ വായിൽനിന്നും പുറത്തു വരുന്ന കാര്യങ്ങൾ തന്നെ അവരുടെ വെറുപ്പ് വേണ്ടത്ര വെളിവാക്കുന്നുണ്ട്. അവരുടെ ഹൃദയം മറച്ചുവെച്ചിരിക്കുന്നത് അതിലും ഭീകരവും ബീഭത്സവുമാണ്' (3:118) എന്ന് പറഞ്ഞപ്പോൾ സൂചിപ്പിച്ചത്. സാമ്രാജ്യത്വത്തിന്റെ ഉപജാപ പ്രവർത്തനങ്ങൾക്ക് സഹായകമാവുന്ന പ്രവർത്തനമാണ് മുസ്‌ലിം രാജ്യങ്ങളിലെ സാമ്രാജ്യത്വ പിന്തുണയെ ആശ്രയിച്ചുകൊണ്ടു മാത്രം നിലനിൽക്കുന്ന സ്വേഛാധിപത്യ ഗവൺമെന്റുകൾ ചെയ്യുന്നത്.

3. ഈ സ്വേഛാധിപതികൾക്ക് എപ്പോഴും തങ്ങളുടെ നിലനിൽപിന് സാമ്രാജ്യത്വത്തെ ആശ്രയിക്കേണ്ടിവരുന്നതിനാൽ സ്വന്തം കാലിൽ നിൽക്കാനുള്ള രാഷ്ട്രീയ-സൈനിക ശക്തി ഒരിക്കലും അവർക്ക് കൈവരുന്നില്ല. മാത്രവുമല്ല, ഈ രാജ്യങ്ങളെ എപ്പോഴും സാമ്രാജ്യത്വത്തിന് സാമ്പത്തിക ചൂഷണം ചെയ്യുന്നതിനുള്ള സാഹചര്യം നിലനിർത്തുകയും ചെയ്യുന്നു. രാജ്യത്തിന്റെ മാനവ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതിനും പ്രതിരോധശേഷി വർധിപ്പിക്കുന്നതിനും വിനിയോഗിക്കേണ്ട വിഭവങ്ങൾ ഈ സ്വേഛാധിപത്യ ഭരണകൂടങ്ങൾ തങ്ങളുടെ തന്നെ നിലനിൽപിനുവേണ്ടി ഉപയോഗിക്കേണ്ട സാഹചര്യം സൃഷ്ടിക്കുക വഴി വിശുദ്ധ ഖുർആൻ സൂചിപ്പിച്ച 'ആയുധങ്ങളിലും സാമ്പത്തിക വിഭവങ്ങളിലും നിങ്ങൾ അശ്രദ്ധരായിരുന്നെങ്കിൽ' (4:102) എന്ന ഉപജാപ പ്രവർത്തനങ്ങളിൽ വ്യാപൃതരായവരുടെ ആഗ്രഹങ്ങൾ എളുപ്പത്തിൽ സാക്ഷാൽക്കരിക്കാൻ സഹായിക്കുന്നു. നമസ്കാരവേളകളിൽ പോലും ജാഗ്രതയുള്ളവരായിരിക്കാൻ നിർദേശിക്കപ്പെട്ട ജനതയെ പ്രതിനിധീകരിക്കുന്ന ഭരണകൂടങ്ങളും സ്ഥാപനങ്ങളും ശത്രുവിന്റെ സംരക്ഷണത്തിനു കീഴിൽ സ്വന്തം ജനതയോടും സാമൂഹിക പ്രതിബദ്ധതയുള്ള ജനനായകരോടും പോരാടി നശിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന ദാരുണമായ അവസ്ഥ ഖുർആൻ തന്നെ സൂചിപ്പിച്ചതുപോലെ (4:102) ആഗോള മുസ്‌ലിം സമൂഹത്തിനു നേരെ ഒറ്റക്കെട്ടായി ചാടിവീഴാൻ തക്കം പാർത്തിരിക്കുന്ന ശത്രുവിന് വേണ്ടത്ര അവസരങ്ങൾ സൃഷ്ടിച്ചു കൊടുക്കുന്നു. പ്രവാചകന്റെ കാലത്തുതന്നെ മുസ്‌ലിം സമൂഹം അഭിമുഖീകരിച്ചിരുന്ന ഗുരുതരമായ ആഭ്യന്തര പ്രശ്നമായിരുന്നു ഉപജാപ പ്രവർത്തനങ്ങൾ രൂപം കൊടുത്ത 'മുനാഫിഖീൻ' പ്രതിഭാസം. പ്രവാചകന്റെയും അനുചരന്മാരുടെയും കൃത്യവും സമർഥവും ജാഗ്രത്തുമായ സമീപനങ്ങൾ കാരണം ഈ പ്രതിഭാസത്തിന് അധികാരത്തിന്റെ നാലയലത്തു പോലും എത്തിച്ചേരാൻ സഹായിച്ചിരുന്നില്ല. മാത്രവുമല്ല, വിശുദ്ധ ഖുർആൻ (9:126) സൂചിപ്പിച്ചതുപോലെ മുനാഫിഖുകൾക്ക്/കപടന്മാർക്ക് ഓരോ വർഷവും ഇസ്‌ലാമിക ശക്തികളുടെ പക്ഷത്തുനിന്നും ഒന്നോ രണ്ടോ കിഴി കിട്ടിക്കൊണ്ടിരുന്നിട്ടും അവർ നയസമീപനങ്ങൾ പുനഃപരിശോധിക്കുകയുണ്ടായില്ല. കാലദൈർഘ്യത്തിൽ, ശത്രുവിന്റെ ഉപജാപ പ്രവർത്തനങ്ങൾ പൂർവോപരി ശക്തിയായി തുടരുകയും മുസ്‌ലിം സമൂഹം ജീർണിക്കുകയും ചെയ്തപ്പോൾ ഇതേ 'മുനാഫിഖീൻ' പ്രതിഭാസം മുസ്‌ലിം ലോകത്തിന്റെ അധികാരകേന്ദ്രങ്ങളിൽ എത്തുകയും അള്ളിപ്പിടിച്ചിരിക്കുകയും ചെയ്തു.

4. അനർഹരായ ആളുകളിൽ ഉത്തരവാദിത്വങ്ങൾ- പ്രത്യേകിച്ചും ഭരണപരമായവ- ഏൽപിക്കപ്പെടുന്നതോടു കൂടി താഴെ തട്ടിനെപ്പോലും സമാന സ്വഭാവത്തിലുള്ള ജീർണത ബാധിച്ചുതുടങ്ങുന്നു. തന്റെ അധികാരത്തിന് ഒരു വിധത്തിലും ഭീഷണിയാവാത്ത ശിങ്കിടികളെയും റാൻമൂളികളെയും സ്തുതിപാഠകരെയും തന്റെ സഹായികളായി നിശ്ചയിക്കാൻ സ്വാഭാവികമായും ഒരു ഏകാധിപതി പ്രേരിതനാവുന്നു. ഇത് വിഭവങ്ങൾ ധൂർത്തിനും സ്തുതിപാഠനത്തിനും ദുർവിനിയോഗം ചെയ്യാൻ ഇടവരുത്തും. പുറമെ, തങ്ങളുടെ ഔദ്യോഗിക കാര്യങ്ങൾ സാധിക്കുന്നതിന് ഇവരെ ദൈനം ദിനം സമീപിക്കേണ്ടി വരുന്ന ആയിരക്കണക്കിന് സാധാരണക്കാരായ തൊഴിലാളികളുടെയും വ്യവസായികളുടെയും കച്ചവടക്കാരുടെയും പതിനായിരക്കണക്കിന് തൊഴിൽ മണിക്കൂറുകൾ ഓരോ ദിവസവും ഇവരുടെ കാര്യക്ഷമതയില്ലായ്മ കാരണമായി വിനഷ്ടമായിത്തീരുന്നു. വിഭവനഷ്ടം ശതഗുണീഭവിക്കുന്നത് കാണണമെങ്കിൽ ഈ സ്വേഛാധിപതികളാൽ ഭരിക്കപ്പെടുന്ന അറബ് നാടുകളിലെ സർക്കാർ മന്ദിരങ്ങൾ സന്ദർശിച്ചാൽ മതിയാവും.

5. സാമ്രാജ്യത്വത്തിന്റെ റാൻമൂളികളും പിണിയാളുകളുമായ മുസ്‌ലിം ലോകത്തെ ഈ സ്വേഛാധിപതികൾ ജനായത്തവിരുദ്ധവും മനുഷ്യത്വവിരുദ്ധവുമായ അടിച്ചമർത്തലുകളും കിരാതമായ മർദനമുറകളും സ്വന്തം ജനതയോട് കാട്ടിക്കൂട്ടുമ്പോൾ അതേ സാമ്രാജ്യത്വ ശക്തികൾ ഈ രാജ്യങ്ങളിൽ ജനായത്തത്തിന്റെയും മനുഷ്യാവകാശങ്ങളുടെയും പേരിൽ തങ്ങൾ ഇടപെടുന്നതായി തോന്നിപ്പിക്കും. ജനാധിപത്യത്തിലും മനുഷ്യാവകാശ സംരക്ഷണത്തിലും ഞങ്ങൾ തന്നെയല്ലേ മുമ്പന്മാർ എന്നവർ മേനിനടിക്കുകയും ചെയ്യും. മുസ്‌ലിംകൾക്ക് ഭൂരിപക്ഷമുള്ള രാജ്യങ്ങളുടെ പ്രതിഛായ മോശമായി ചിത്രീകരിക്കാനും ഒന്നിനും കൊള്ളാത്ത പ്രാകൃത ജനസമൂഹമായി മുസ്‌ലിം ലോകത്തെ മുദ്രകുത്താനും അതോടൊപ്പം ഇസ്‌ലാമുമായി തട്ടിച്ചു നോക്കുമ്പോൾ പാശ്ചാത്യ സംസ്കൃതിയുടെയും വ്യവസ്ഥയുടെയും 'മാറ്റ്' വരികളിലൂടെയും വരികൾക്കിടയിലൂടെയും എടുത്തുകാട്ടാനും അവർ ശ്രദ്ധിക്കുന്നു. ലോകത്ത് ഇന്ന് നിലനിൽക്കുന്ന സങ്കീർണമായ പ്രശ്നങ്ങളൊക്കെ ഇവരുടെ സംഭാവനയായിരുന്നെന്നും ചരിത്രത്തിലെ അതിക്രൂരമായ എല്ലാ വംശീയ ഉന്മൂലനങ്ങളും കിരാത മർദനങ്ങളും കൊടിയ ചൂഷണവും കടുത്ത അനീതിയും ലോകം അനുഭവിക്കാനിടവന്നത് ഇവരുടെ കൈകളിലൂടെ മാത്രമായിരുന്നുവെന്നും ചരിത്രബോധമില്ലാത്ത സാമാന്യ ജനത അറിയുകപോലും ചെയ്യുന്നില്ല. ഉപജാപ പ്രവർത്തനങ്ങളുടെ പിന്നാമ്പുറ രഹസ്യങ്ങളോ, ചരിത്രത്തിനു പിന്നിലെ ചരിത്രമോ, സമകാലീന സംഭവങ്ങൾക്കു പിന്നിലെ ഗൂഢപ്രവർത്തനങ്ങളെ സംബന്ധിച്ചോ ഒന്നും അറിയുകയോ ആലോചിക്കുകയോ ചെയ്യാത്ത കോടിക്കണക്കിന് വരുന്ന സാധാരണക്കാരായ ജനങ്ങൾക്ക് സാമ്രാജ്യത്വ മീഡിയ പ്രത്യേക ടോണിലും ട്യൂണിലും പ്രോഗ്രാം ചെയ്ത വാർത്തകളും ചിത്രങ്ങളും അങ്ങനെത്തന്നെ ഉൾക്കൊള്ളാനല്ലാതെ മറ്റെന്തു ചെയ്യാൻ കഴിയും? ഇത് സ്വയം തന്നെ പ്രചരിപ്പിക്കാൻ കഴിവുള്ള ഇസ്‌ലാമിന്റെ പ്രചാരത്തെ തടഞ്ഞുനിർത്തുന്നതിലും ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരായ മുൻവിധികളും തെറ്റുധാരണകളും സൃഷ്ടിക്കുന്നതിലും ചെറുതല്ലാത്ത പങ്ക് വഹിക്കുന്നു.

(തുടരും)